ഗവൺമെൻറ് നടത്തിയ ചർച്ചയിൽ പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെറ സാദ്ധ്യതകൾ ആരാഞ്ഞു. പ്രസ്തുത ചർച്ചയിൽ വച്ച് എ.പി. റയോൺസ് കമ്പനിയുമായി ഉണ്ടാക്കിയ ഒരു സെറ്റിൽമെൻറുപോലെ ഒരു സെറ്റിൽമെൻറ് കാനറാ ബാങ്കും ഐ.സി. ഐ.സി ഐ.-യുമായി തയ്യാറാക്കണമെന്ന താൽപര്യം പ്രകടിപ്പിച്ചു. മൂന്നുമാസത്തിനകം അതുസംബന്ധിച്ച് തീരുമാനമെടുത്തറിയിക്കാമെന്ന് ഡാൽമിയ ഏറ്റിരുന്നതാണ്. എന്നാൽ ഇതുവരെ ആ കാര്യത്തിൽ തീരുമാനമായിട്ടില്ല. പിന്നീട് ഗവൺമെൻറ് ഐ.സി.ഐ.സി.ഐ.-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ താഴെ കാണുന്ന നിർദ്ദേശങ്ങൾ ഐ.സി.ഐ.സി.ഐ. മുന്നോട്ടുവച്ചിരിക്കുകയാണ്.

1. കേരളാ റിലീഫ് അണ്ടർടേക്കിംഗ് ആക്ടനുസരിച്ച് കമ്പനിയുടെ മാനേജ്മെൻറ് ഏറ്റെടുക്കുക, അല്ലെങ്കിൽ മിൽ നാഷണലൈസ് ചെയ്യുക.

2. തൊഴിലാളികളുമായി ചർച്ച നടത്തി മിൽ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. പേപ്പർ ഇൻഡസ്ട്രിയിൽ നല്ല പരിചയമുള്ള ഒരു വിദഗ്ദ്ധനെ മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടിവായി നിയമിക്കുക.

4. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു ടെക്നിക്കൽ കൺസൽറ്റൻറിനെ നിയമിക്കുക. ഈ നിർദ്ദേശങ്ങൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. അത് ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

(11) ഹരിജൻ കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. എം. ദാസൻ: സർ, കോഴിക്കോട് പട്ടണത്തിലെ ശുചീകരണ തൊഴിലാളികൾ താമസിക്കുന്ന ഗാന്ധിനഗർ, അംബേദ്ക്കർ, കാട്ടുവയൽ, കല്ലുത്താംകടവ്, പയ്യാനക്കൽ തുടങ്ങിയ ഹരിജൻ കോളനികളിൽ താമസിക്കുന്ന കോളനി നിവാസികൾക്ക് ഇതുവരെയായി പട്ടയം ലഭിച്ചിട്ടില്ല. കഴിഞ്ഞ 20 വർഷമായി അവർ അവിടെ താമസിച്ചുവരികയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കോളനി നിവാസികൾക്ക് പട്ടയം നൽകാനാവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, കോഴിക്കോട് നഗരത്തിലെ ഗാന്ധിനഗർ കാട്ടുവയൽ, അംബേദ്ക്കർ എന്നീ ഹരിജൻ കോളനികളിൽ 160-ലധികം വരുന്ന ആദിവാസികളെ അധിവസിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷൻ. കോഴിക്കോട് കോർപ്പറേഷൻ നഗര ശുചീകരണ തൊഴിലാളികളായ 160 പട്ടികജാതിക്കാരെ നഗരത്തിൻെറ വിവിധ ഭാഗങ്ങളിലെ കോളനികളിൽ കുടിയിരുത്തിയിട്ടുണ്ട്. അവർ മൂന്നു സെൻറു മുതൽ 5 സെൻറ് വരെ ഭൂമി കൈവശം വച്ചുവരുന്നവരാണ്. ഈ ഭൂമി ഇപ്പോഴും കോഴിക്കോട് കോർപ്പറേഷൻെറ കൈവശത്തിലാണ്. ഈ ഭൂമി കോർപ്പറേഷൻ സർക്കാരിലേക്ക് കൈമാറ്റം ചെയ്താൽ മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകാൻ നിവൃത്തിയുള്ളൂ. അതിനാവശ്യമായ നടപടികളെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly